ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

---

<u>വളരെ അടിയന്തിരം</u>

നം. ഇ19-9677/2012/സിഇ/തസ്വഭവ

തീയതി : 01/01/2016

## സർക്കുലർ

വിഷയം:- തസ്വഭവ – ജീവനക്കാര്യം – രണ്ടാംഗ്രേഡ് ഓവർസീയർമാരുടെ നിയമന പരിശോധന – സംബന്ധിച്ച്.

സൂചന:- എറണാകുളം പി.എസ്.സി മേഖലാ ഓഫീസറുടെ 28/12/2015 ലെ REIV(2) 1711/2011 -5 നമ്പർ കത്ത്

**********

എറണാകുളം പി.എസ്.സി മേഖലാ ഓഫീസിൽ നിന്നുമുള്ള നിയമന ശുപാർശ പ്രകാരം ഈ വകുപ്പിൽ നിയമിതരായിട്ടുള്ള രണ്ടാംതരം ഓവർസീയർമാരുടെ നിയമന പരിശോധന 08/01/2016 (വെള്ളിയാഴ്ച) രാവിലെ 9.30 ന് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ കിഴക്കേ കവാടത്തിൽ പ്രവർത്തിക്കുന്ന പി.എസ്.സി മേഖലാ ഓഫീസിൽ വെച്ച് (നാലാംനില) നടത്തുന്നതാണെന്ന് സൂചന കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൂചനാ കത്തിലെ നിർദ്ദേശാനുസരണം രേഖകളുമായി നിശ്ചയിച്ചിട്ടുള്ള തീയതിയിൽ നിയമന പരിശോധനയ്ക്കായി ഹാജരാകേണ്ടതാണ്.

പ്രസ്തുത വിവരം ടി ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി ബന്ധപ്പെട്ട നിയന്ത്രണാധികാരികളെ ഇതിനാൽ ചുമതലപ്പെടുത്തുന്നു.

ഉള്ളടക്കം: സൂചന കത്ത്

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്:(വെബ്സൈറ്റ് മുഖേന)

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിയന്ത്രണാധികാരികൾക്കും
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തര/ദക്ഷിണ മേഖല
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ, കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷനുകൾ
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് സബ് ഡിവിഷനുകൾ

N1310/-

Website: www.keralapsc.gov.in
Email : kpsc@keralapsc.org

Tel : 0484- 2317435
Fax : 0484-2314600

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

മേഖലാ ഓഫീസ്, എറണാകുളം

നം: RE IV (2) 1711/2011-5

എറണാകുളം
28.12.2015

പ്രേഷിതൻ

മേഖലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
മേഖലാ ഓഫീസ് എറണാകുളം.

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ
തദ്ദേശ സ്വയംഭരണ വകുപ്പ്
തിരുവനന്തപുരം 33.

സർ,

വിഷയം :- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം മേഖലാ ഓഫീസ് - സർവ്വീസ് വെരിഫിക്കേഷൻ സംബന്ധിച്ച്.

സൂചന :- 20/10/2015-തീയതിയിലെ താങ്കളുടെ ഇ19-9677/2012/സിഇ/തസ്വഭവ നമ്പർ കത്ത്.

-----

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം മേഖലാ ഓഫീസ് മുഖേന നിയമനം ലഭിച്ച അങ്ങയുടെ ഓഫീസിലെ താഴെ ചേർക്കുന്ന ജീവനക്കാരുടെ നിയമന പരിശോധന **08.01.16 (വെള്ളിയാഴ്ച)** രാവിലെ 09.30-ന് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ കിഴക്കേ കവാടത്തിൽ പ്രവർത്തിക്കുന്ന പി.എസ്.സി. മേഖലാ ഓഫീസിൽ വച്ച് (നാലാം നില) നടത്തുന്നതാണ്.

| **Second Grade Overseer** | |
|---|---|
| 1. | Jubeesh M V (നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ പത്രികയുടെ പകർപ്പ് നിയമന പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.) |
| 2. | Aiswarya S R (ഐഡന്റിഫിക്കേഷൻ മാർക്ക് (2 എണ്ണം)ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ രേഖപ്പെടുത്തിയ സർവ്വീസ് പുസ്തകത്തിലെ പേജിന്റെ നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിയമന പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.) |
| 3. | Ratheesh M |
| 4. | Sreelekha P |
| 5. | Saneeshkumar S (ജോലിയിൽ പ്രവേശിച്ച തീയതി രേഖപ്പെടുത്തിയ സർവ്വീസ് ബുക്കിലെ പേജിന്റെ പകർപ്പ് നിയമനാധികാരി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.) |
| 6. | Raji K R (ഐഡന്റിഫിക്കേഷൻ മാർക്ക് (2 എണ്ണം) രേഖപ്പെടുത്തിയ സർവ്വീസ് പുസ്തകത്തിലെ പേജിന്റെ നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിയമന പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.) |
| 7. | Afeetha A |

| | |
|---|---|
| 8. | Santha A P |
| 9. | Geethakumari G (ജോലിയിൽ പ്രവേശിച്ച തീയതി, പി.എസ്.സി. നിയമന ശിപാർശ ഉത്തരവ് നമ്പർ, നിയമന ഉത്തരവ് നമ്പർ എന്നിവ രേഖപ്പെടുത്തിയ സർവ്വീസ് ബുക്കിലെ പേജുകളുടെ പകർപ്പുകൾ നിയമനാധികാരി സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കേണ്ടതാണ്.) |

മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ സമയത്ത് നിയമനം സംബന്ധിച്ച Advice memo, ബന്ധപ്പെട്ട വകുപ്പിന്റെ appointment order, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുവദിച്ചിരിക്കുന്ന ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ (original & copy) എന്നിവ സഹിതം ഹാജരാകേണ്ടതാണ്

വിശ്വസ്തതയോടെ,

ഒപ്പ്
രമേശ് ശർമ്മ പി
മേഖലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
മേഖലാ ഓഫീസ്,എറണാകുളം.

vas/R6